# നവനീതം



**_SALEM V H S S W. VENGOLA_**

# SALEM V H S S WEST VENGOLA



# Editorial Board



## സന്ദേശം

**2023-24 അധ്യയനവർഷത്തിൽ നവനീതം എന്ന പേരിൽ ശാലേം വി .എച്ച് .എസ്.എസ്. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു. കുരുന്നു പ്രതിഭകളുടെ സർഗ്ഗശേഷി പ്രദർശിപ്പിക്കുന്നതിനായി നവനീതം എന്ന ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ നിർമ്മിച്ചതിൽ അതിയായ സന്തോഷമുണ്ട്.**

**ഇതിനു വേണ്ടി പ്രയത്നിച്ച എഡിറ്റോറിയൽ ബോർഡിന് എല്ലാ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.**



ശ്രീമതി പ്രീത മാത്യു

പ്രധാന അദ്ധ്യാപിക

ശാലേം വി എച്ച് എസ് എസ്

വെസ്റ്റ് വെങ്ങോല

# Table of Contents

എൻെറ അമ്മ.....5
മാരിവിൽ മഴ.....7
.....7
.....7
.....8
വസന്ത കാലം.....8
.....9
വായന.....9
അധ്വാനത്തിന്റെ മഹത്വം.....11
മഴ വന്നേ.....14
അമ്മ.....15
പ്രകൃതി.....18
ജീവിത ദുരിതങ്ങൾ.....20
വായന മരിക്കുന്നുവോ?????.....23

# എന്റെ അമ്മ

മലയാള വാക്കുകൾ ആദ്യമായ്

എൻ നാവിലെത്തിച്ച, പൂവെന്റെ അമ്മ

കണ്ണീർ പൊഴിയുന്ന ഞൊടികളിലെന്നുടെ



കണ്ണീർ തുടക്കുന്ന സ്നേഹ
മനസ്സെന്റെ അമ്മ

നല്ലതു കാണുവാൻ

നല്ലതു കേൾക്കുവാൻ

നല്ല മനസ്സിനുടമയാകാൻ

നല്ല പാഠങ്ങൾ പഠിപ്പിച്ചിടുന്ന

എന്റെ മനസ്സിന്റെ ചങ്ങാതിയെന്നമ്മ

എന്നും പിരിയാത്ത ചങ്ങാതിയെന്നമ്മ

തെറ്റു ചെയ്താലും ക്ഷമിച്ചിടും

നന്മ ചെയ്താൽ ചിരിച്ചിടും

എനിക്കെന്നുമിഷ്ടമെന്നമ്മയെയാണ്

അറിവിൻ വഴികളെന്നമ്മയാണ്

സ്നേഹം നിറഞ്ഞൊരു

പുഷ്പമെന്നമ്മയാണ്.......

എയ്ഞ്ചൽ റോസ് 6C



# മാരിവിൽ മഴ

മണി കിലുങ്ങും ശബ്ദത്തിൽ
മാനം കറുക്കും നേരത്തിൽ

മുത്തു മുത്തു പോലെ
മാരിവിൽ കുട ചൂടിയ പോലെ
മഴ പെയ്യുന്ന എൻമനസ്സിൽ

ലക്ഷ്മി രാധ 5B



# വസന്ത കാലം

പ്രകൃതിയിൽ പലതരം കാലാവസ്ഥകളുണ്ട്. മഴക്കാലം, വേനൽക്കാലം,വസന്ത കാലം ,അങ്ങനെ ഏറെക്കുറെ.വളരെ ഭംഗിയേറിയ കാലാവസ്ഥയാണ് വസന്ത കാലം . പുലർച്ചയിൽ സൂര്യ വെളിച്ചം വന്ന് പൂക്കളുടെ ചുണ്ടത്തു തട്ടി ഒരു ഇളം കാറ്റ് പുഞ്ചിരി വിടരുന്നു. പല നിറത്തിലുള്ള പൂക്കൾ ഇളം കാറ്റ് വന്നടിക്കുമ്പോൾ അവർ ഒരുമിച്ച് തുള്ളുന്നു. അവരോടൊപ്പം കിളികളും പാട്ടു പാടി ആനന്ദിക്കുന്നു. പൂക്കളുടെ സുഗന്ധം പൂമ്പാറ്റകളെ മാടി വിളിക്കുന്നു. മൃഗങ്ങളും പക്ഷികളും സന്തോഷിച്ച് ഉല്ലസിച്ച് നടക്കുന്ന ഒരു കാലാവസ്ഥയാണ്. ആഹാരത്തിന് ഒരു കുറവുമില്ലാത്ത കാലമാണ് വസന്ത കാലം

അലീഷ ഷാജി (7C)

# വായന

നമ്മുടെയെല്ലാം ജീവിതത്തിൽ വായനയ്ക്ക് എത്രയധികം പ്രാധാന്യം ആണല്ലേ ഉള്ളത്.ഈ ലോകത്തിൽ

ജീവിക്കണമെങ്കിൽ വായിക്കാൻ അറിഞ്ഞിരിക്കണം. വായനയ്ക്ക് എന്തുകൊണ്ടാണ് നാം ഇത്രയധികം പ്രാധാന്യം നൽകുന്നത് ? ഈ ലോകത്ത് ഒട്ടുമിക്ക എല്ലാ മനുഷ്യർക്കും തന്നെ കുറച്ചെങ്കിലുമൊക്കെ വായ്ക്കാൻ അറിയുന്നവരാണ്.

അറിവ് ലഭിക്കാൻ വേണ്ടി മാത്രമല്ലാ നാം വായ്ക്കുന്നത് എന്നാൽ ആ വായനയിലൂടെ കുറച്ചെങ്കിലും അറിവ്

നമ്മുക്ക് ലഭിക്കുന്നു.എന്തുകൊണ്ടാണ് പലരും



ഒറ്റപ്പെട്ടിരിക്കുമ്പോൾ പുസ്തകം വായിക്കുന്നത് ?

എന്തുകൊണ്ടാണ് അവർ വായനയ്ക്ക് ഇത്രയധികം പ്രാധാന്യം നൽകുന്നത് ? തനിച്ചായിരിക്കുമ്പോൾ എപ്പോഴെങ്കിലും ഒരു പുസ്തകമോ അല്ലെങ്കിൽ എന്തെങ്കിലും വായിച്ചുനോക്കിയിട്ടുണ്ടോ?

വായനയിലൂടെ അറിവ് മാത്രമല്ല കിട്ടുന്നത് മറിച്ച് ഒരു ചെറിയ സന്തോഷവും ലഭിക്കും പണ്ട്

കുഞ്ഞുണ്ണിമാഷ് പറഞ്ഞ വരികൾ ഞാൻ ഇപ്പോൾ ഓർക്കുന്നു."വായിച്ചാലും വളരും വായിച്ചില്ലേലും

വളരും ,വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും".എന്ത് തന്നെയായാലും നല്ല ആശയമുള്ള വരികളാണിവ.

വായിച്ചാലും വായിച്ചില്ലേലും നമ്മൾ വളരും എന്നാൽ വായനയിലൂടെ അറിവ് ലഭിക്കുന്തോറും നമ്മുടെ വളർച്ച

ഇരട്ടിയാവും.എന്നാൽ വായിച്ചില്ലെങ്കിൽ നമുക്ക് ഒട്ടും അറിവ് ലഭിക്കുകയില്ല.വായന നമ്മുടെയെല്ലാം ജീവിതത്തിൻെറ ഒരു ഭാഗമാണ് .ജീവിതത്തിൽ വായനയ്ക്ക് കുറച്ചെങ്കിലും പ്രാധാന്യം നൽകിയിരിക്കണം.

ഏറ്റവും കൂടുതൽ പ്രാധാന്യം വേണമെന്നല്ല.ആവശ്യത്തിന് അറിവ് നമുക്കാവശ്യമുണ്ട്.അതുകൊണ്ട് തന്നെ അറിവ് ലഭിക്കാൻ വേണ്ടി നമ്മൾ വായിക്കണം.

അസ്ന ഒ.എ

9B

# അധ്വാനത്തിന്റെ മഹത്വം

പ്രകൃതി രമണീമായ ഒരു ഗ്രാമം ഉണ്ട് .അവിടെ പരമ്പരാകത രീതിയിൽ കൃഷി ചെയ്തിരുന്ന മനുഷ്യർ.അവിടെ ഉള്ള എല്ലാ ഗ്രാമവാസികളും ആപ്പിൾ കൃഷി ചെയ്തിരുന്നവരാണ്.മുൻ കാലങ്ങളിൽ ആപ്പിൾ കൃഷി വളരെയധികം മുന്നേറിയെങ്കിലും പിന്നീടുള്ള വർഷങ്ങൾ അത് ക്രമാധീതമായി കുറഞ്ഞുവന്നു കൊണ്ടിരുന്നു . പ്രധാന കാരണം പുഴശല്യമായിരുന്നു.അതു കൊണ്ടു തന്നെ എല്ലാവരും നല്ല രാസവളവും, പുകയില കീടനാശിനിയും ഉപയോഗിച്ചു.എന്നിട്ടും ആപ്പിൾ കൃഷി



പ്രതിസന്ധിയിലായി.എല്ലാവരും അതോർത്ത് ആപ്പിൾ കൃഷി നിർത്തുവാൻ നിർബന്ധിതരാവുകയായിരുന്നു.അവിടെ തലമുറകളായി കൃഷി ചെയ്തിരുന്ന ആളുടെ മകനായിരുന്ന ആന്റണിക്ക് അതിൽ ഒരു താൽപ്പര്യവും ഉണ്ടായിരുന്നില്ല.ആന്റണി അത് പ്രകടിപ്പിച്ചതിലൂടെ അവരെ പോലെയുള്ള കൃഷിയെ വിട്ടുകൊടുക്കുവാൻ മനസ്സില്ലാത്ത കുറേ കുടുംബങ്ങൾ എന്നാൽ പുഴക്കളുടെ ശല്യം വളരെ കഠിനമായിരുന്നു.അതിനെതിരെയുള്ള കീടണാശിനി ഉപയോഗം കൂടുതലായിരുന്നിട്ടും പുഴക്കളുടെ എണ്ണത്തിൽ കുറവു

ഇത് ദുഃഖത്തിലാഴിത്തി.അവൻ ഒരു ഉറച്ച തീരുമാനമെടുത്തു. അവൻ ഓരോ വർഷവും ജൈവ കൃഷിരീതിയിൽ കൃഷി നില നിർത്താൻ പരീക്ഷണങ്ങൾ തുടങ്ങി. ഓരോ വർഷവും അവൻ പരാജയപ്പെട്ടുകൊണ്ടിരുന്നു. നിരാശനായെങ്കിലും അവൻ ഓരോ കുറവും മനസ്സിലാക്കി.

കൃഷിയിൽ പരീക്ഷണങ്ങൾ തുടർന്നു. 8-ാം വർഷവും അവൻ പരാജയപ്പെട്ടു. തന്റെ കൃഷിയെ വിട്ടുകൊടുക്കുന്നതിലുള്ള സങ്കടവും തന്റെ കുടുംബം ദാരിദ്ര്യത്തിൽ ആകുന്നതും

താങ്ങാവുന്നതിലും അധികമായിരുന്നു.അവൻ എല്ലാം അവസാനിപ്പിക്കാൻ വേണ്ടി

ഒരു കയറുമായി മല മുകളിലേക്ക് കയറിപ്പോയി. അവനെ അന്വേഷിച്ച് അവന്റെ ഭാര്യ

എല്ലായിടത്തും പോയി നോക്കാൻ തുടങ്ങി ഇതേ സമയം ആന്റണി മരത്തിൽ കയർ കെട്ടി കഴുത്തിൽ ഇട്ട് കുരുക്കി മുകളിലേക്ക് പൊങ്ങി. പെട്ടെന്ന് അവന്റെ കണ്ണിൽ ഒരു

അത്ഭുതം നടന്നു. പെട്ടെന്ന് അവന്റെ കഴുത്തിൽ നിന്ന് കുരുക്ക് അഴിച്ച് മുന്നോട്ട് നടന്നു

ചെറിയ പ്രകാശത്തിൽ അവിടെ പൂർണ്ണ വളർച്ച എത്തിയ ആപ്പിൾ അവൻ കണ്ടു. അതിന്റെ ചുവട്ടിലുള്ള മണ്ണ് രുചിച്ചു. അവന് അത് മനസ്സിലായി ആപ്പിൾ മരങ്ങൾ

പുഴക്കൾ തിന്നുന്നതിൽ നിന്നും വണ്ടുകളിൽ നിന്നും സംരക്ഷിക്കുന്നത്. സന്തോഷത്തിൽ അവൻ കുന്നിറങ്ങി താഴേക്ക് ഓടി അവിടെ തന്നെ അന്വേഷിച്ചു

നടക്കുന്ന തന്റെ ഭാര്യയെ കണ്ട് സന്തോഷപൂർവം അവളോട് പറഞ്ഞു. ആപ്പിൾ മരത്തിന് ചുറ്റും കളകൾ ഉണ്ടാവണം അതിൽ നിന്നുള്ള പ്രാണികൾ പുഴക്കളേയും

നശിപ്പിക്കുന്നു. 9-ാം വർഷം അവൻ വീണ്ടും ആപ്പിൾ കൃഷിചെയ്തു. കളകൾ പറിക്കാതെ അവയിൽ പയർ വിത്തുകൾ വിതറി. കഴിഞ്ഞ വർഷത്തേക്കാൾ അവന്

പ്രതീക്ഷകൾ നൽകി വസന്തകാലം അടുക്കുകയായി. പുലർച്ചെ സഹോദരൻ അത്ഭുതത്തോടെ ആന്റണിയെയും ഭാര്യയെയും തോട്ടം കാണാൻ വിളിച്ചു. ഇപ്രാവശ്യം നിരാശയാണെന്ന് കരുതി അവൻ ഭാര്യയെ അയച്ചു. അവളുടെ അത്ഭുതം അവനെയും

കാണിച്ചു. അവന് സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞു. എല്ലാത്തിനും അവിടെ തുടക്കം കുറിക്കുന്നു.

ക്രിസ്റ്റീന റോയ്

10 A

## മഴ വന്നേ

മഴ മഴ മഴ മഴ മഴ വന്നേ
പുഴ പുഴ പുഴ പുഴ പുഴവന്നേ
ടും ടും വെട്ടും ഇടിവെട്ട്
നിറഞ്ഞ് നിൽക്കും കാർമോഘം
ഇരുട്ടുകൂടിയ മേഘങ്ങൾ

തിങ്ങിനെരുങ്ങിനിൽക്കുന്നു
കാണാൻ എന്തോരു രസമാണി
മരങ്ങൾക്കെന്തൊരു സന്തോഷം
മഴയെന്നാൽ ഒരു രസമാണേ
കുട്ടികൾ നനഞ്ഞുനടക്കുന്നു
മഴ മഴ മഴ മഴ മഴവന്നേ
മാനത്ത് നിന്നോരു മഴവന്നേ
മഴ മഴ മഴ മഴ മഴവന്നേ




സ്വപ്ന സെൽവൻ 7B

# അമ്മ



അച്ഛനില്ലാതെ, അമ്മയുടെ തണലിൽ വളർന്നവനാണ് ഗോപു. അച്ഛനില്ലാത്ത സങ്കടം അവൻ ഇതുവരെ തോന്നിയിട്ടില്ല. കാരണം അമ്മയുടെ കരുതൽ അത്രമാത്രമായിരുന്നു. വിധവയായതിനാൽ തന്നെ അവളെ എല്ലാവരും മാറ്റിനിർത്തും. ഗോപുവിന് തന്റെ അമ്മയെ ഭൂമിയിൽ തന്നെ ഏറെ ഇഷ്ടമാണ് .

അമ്മയ്ക്ക് ശേഷമേ അവന് മറ്റാരും .അമ്മക്കും അതുപോലെതന്നെ. താൻ പഠിച്ചിട്ടില്ലെങ്കിലും മകനെ പഠിപ്പിച്ച്

വലിയ ആളായി കാണാനായിരുന്നു അമ്മക്കിഷ്ടം .എത്രമാത്രം പഠിപ്പിക്കാൻ കഴിയുമോ അത്രമാത്രം പഠിപ്പിക്കാം

എന്ന് അവൾ തീരുമാനിച്ചു .ഗോപുവിനും അവൻ വളർന്ന് ജോലിയൊക്കെ കിട്ടിയതിനുശേഷം അമ്മയെ

പൊന്ന്പോലെ നോക്കാനാർന്ന അഗ്രഹം. അങ്ങനെ വർഷങ്ങൾക്ക് ശേഷം അവൻ അഗ്രഹിച്ചത് പോലെ

തന്നെ തന്റെ അമ്മയുടെ കഷ്ടതകൾ എല്ലാം മാറ്റി മാസാമാസം അമ്മക്ക് കാനഡയിൽ നിന്ന്പണം അയക്കും.

അമ്മയുടെ കഷ്ടതകൾ എല്ലാം മാറിയെങ്കിലും അമ്മക്ക് അത്രമാത്രം സന്തോഷം ലഭിച്ചില്ല. അവൾ ആഗ്രഹിച്ചതുപോലെ ഗോപു നല്ല നിലയിലാണെങ്കിലും തന്റെ മകനെ പിരിഞ്ഞുള്ള

ജീവിതം അവളെ ഏറെ സങ്കടത്തിലാക്കി. മകനെ കാണാൻ കഴിയാത്തതിന്റെ സങ്കടം കൊണ്ട് തന്നെ തനിക്ക് അസുഖങ്ങൾ വന്നു കൂടി. ഇത് അറിഞ്ഞ ഗോപു നാട്ടിലേക്ക് ഓടി എത്തി. മകനെ കണ്ടയുടനെ അവളുടെ പഴയെ ഗോപുവിനെ അവൾക്ക് ഓർമ്മവന്നു. തന്റെ പകുതി അസുഖം മാറി. ഗോപു ചോദിച്ചു അമ്മക്ക് ഞാൻ മാസാമാസം പൈസ

അയക്കാറില്ലേ? പിന്നെന്താ നല്ല സൗഖര്യമില്ലേ ഇവിടെ? ഇനി വേറെ വീട് നോക്കണോ? വേലക്കാരിയെമാറ്റണോ? എന്നിങ്ങനെ പല ചോദ്യങ്ങൾ അവൻ ചോദിച്ചു പക്ഷെ അമ്മ പറഞ്ഞത് ഒരു ഉത്തരം മാത്രം നിന്നെ പത്ത് മാസം ചുമന്നതിന്റെ കൂലി നീ എനിക്ക് തന്നിട്ടില്ല. ഇത് കേട്ടവഴി അവന്റെ നെഞ്ച്പൊട്ടി.

അവൻ കരഞ്ഞ്പോയി. അമ്മയെ നല്ലനിലയിൽ നിർത്തണം പണം സമ്പാദിക്കുന്ന തിരക്കിൽ അവൻ

തന്റെ അമ്മയുടെ സ്നേഹത്തെ മറന്നു. നമ്മുടെ കണ്ണൊന്ന് നിറഞ്ഞാൽ വിങ്ങുന്ന ഹൃദയം.മുഖം കാണും മുമ്പേ,

ശബ്ദം കേൾക്കും മുമ്പേ സ്നേഹിച്ച ഒരു ഹൃദയം അത് അമ്മയുടെത് മത്രമാണ്. തല്ലിയതൊക്കെയും നമ്മിലെ

കറ കളയാനായിരുന്നു. പുലരിയിൽ തഴുകിയ കൈയും രാത്രി തലോടിയ കരങ്ങളും അമ്മയുടെതായിരുന്നു

ആരൊക്കെ എതിർത്താലും ഒറ്റപ്പെടുത്തിയാലും നമ്മുടെ എന്ത് തെറ്റും ക്ഷമിക്കുന്ന ഒരെയൊരു വ്യക്തി 'അമ്മ' എല്ലുപൊട്ടുന്ന വേദനയിൽ നമുക്ക് പിറവിതന്നെയാൾ ഉള്ളെത്ര വിങ്ങിയാലും മങ്ങിപോകാത്ത ചിരിയാണ്

അമ്മയ്ക്കെന്നും. എത്രത്തോളം നമ്മെ വഴക്ക് പറയുന്നുവോ അത്രത്തോളം നമ്മളോട് ഉത്തരവാദിത്യം ഉണ്ട്

അമ്മയ്ക്ക്. അമ്മയ്ക്ക് പകരം ഈ ഭൂമിയിൽ മറ്റാരുമില്ല ഗോപുവിന്റെ അമ്മ പറഞ്ഞ വാക്കുകളുടെ അർത്ഥം ഇത്ര മാത്രം അമ്മക്ക് പകരം അമ്മ മാത്രം. എത്ര സമ്പാദിച്ച് പണം ഉണ്ടാക്കി കൊടുത്താലും അമ്മയുടെ സ്നഹത്തിനും പത്ത് മാസം ചുമന്നതിന്റെ വേദനയ്ക്കും ഒരു മക്കൾക്കും പകരം നൽകാനാവില്ല. ഗോപു കാനഡയിൽ ചെന്നതിന് ശേഷം അവൻ തന്റെ അമ്മയെമറന്നു. അമ്മക്ക് വേണ്ടിയാണ് അവൻ പോയത്.

കുട്ടിക്കാലത്ത് അമ്മയായിരുന്നു അവന്റെ ലോകം. എന്നാൽ ഇപ്പോൾ മാസാമാസം പൈസ അയക്കുന്ന ബന്ധം മാത്രം. അമ്മക്ക് പൈസ അയക്കുന്നുണ്ടല്ലോ, അമ്മ അതിൽ സന്തോഷവധിയാണ് എന്നാണ് അവന്റെ വിചാരം. പക്ഷെ യാഥാർത്ഥ്യം അമ്മക്ക് തന്റെ മകൻ കൂടെ ഉണ്ടായിരിക്കണം എന്നതാണ്. അത് ഗോപു മനസ്സിലാക്കിയില്ല. പക്ഷെ ഇപ്പോൾ ഒരോ കുട്ടികളും തന്റെ അമ്മ അടുത്തുണ്ടായിട്ടും വേദനയേറിയ വാക്കുകൾ ആണ് അമ്മക്ക് നൽകുന്നത്. അമ്മയിൽ നിന്നാണ് ഒരോ വാക്കുകളും നാം പഠിച്ചത്. എന്നിട്ടിപ്പോ പറയും

"ഒ ഈ അമ്മക്കൊന്നും അറിയാൻ പാടില്ല. ഒന്ന് മാറിനിക്ക് എന്റെ കാര്യത്തിൽ എടപെണ്ട ഓർക്കുക ശുദ്ധമായ

സ്നേഹം അമ്മയുടേത് മാത്രം!

റിനി ജൊടാൽ (9 B)

# പ്രകൃതി

നല്ല ഒരു പ്രഭാതത്തിൽ , ഒരു കുഞ്ഞി പട്ടണത്തിലെ ഒരു വീട്ടിൽ രണ്ട് കുട്ടികൾ വരാന്തയിൽ ഇരിക്കുകയായിരുന്നു.ആരെയോ,എന്തിനോ വേണ്ടി കാത്തിരിക്കുന്നപോലെ.അപ്പോൾ കുറച്ച്

കുട്ടികൾ ഓടി വന്ന് പറഞ്ഞു."ഹേയ്,നിങ്ങൾ രണ്ടാളും ഇവിടെ എന്ത് ചെയ്യുവാ? വാ....നമുക്ക്

പോയി കളിക്കാം.അതിൽ ഒരാൾ പറഞ്ഞു."ഓ,ഞങ്ങളില്ല.നിങ്ങൾ പൊയിക്കോ."അപ്പോൾ

ആ കൂട്ടത്തിലുണ്ടായ ഒരാൾ ചോദിച്ചു."ഏ....അതെന്ത?....അപ്പോൾ രണ്ട് കുട്ടികളിലെ ഇളയവൻ



പറഞ്ഞു."വന്നിട്ട് എന്തിനാ?ഈ കൊട്ടം വെയിലത്ത് കളിച്ച് തളരാൻ ഞാനില്ല.ഒരു വലിയ മരം

പോലും ഇല്ല വിശ്രമിക്കാനായി."അപ്പോൾ ഒരാൾ പറഞ്ഞു.അതെ,അത് ശരിയ.... ആകെ കുറച്ച്

മരങ്ങൾ മാത്രമെ കാണാനുള്ളൂ."അപ്പോൾ ഒരാൾ പറഞ്ഞു.എങ്ങനെ കണ്ടാനാ കുറയേ മരങ്ങൾ?

പണ്ടത്തെ പോലെയല്ലല്ലോ ഇപ്പോൾ. മരങ്ങൾ മുഴുവനും വെട്ടികളയുകയല്ലേ?അതു മാത്രമാണോ?

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കാരണം ചെടികൾ നല്ല രീതിയിൽ വളരുന്നില്ല.മരങ്ങളുടെയും ചെടികളുടെയും

സാനിദ്യത്തിന്റെ കുറവ് മൂലം അന്തരീക്ഷത്തിലെ ചൂട് കൂടി.പല ജീവികളുടെ പാർപ്പിടങ്ങൾ നഷ്ടപ്പെട്ടു.

"വേറെ ഒരാൾ പറഞ്ഞു."അതെ,അത് ശെരിയാ.....അല്ലാ,നിങ്ങൾ രണ്ടാളും ഇവിടെ എന്താ ചെയ്യുന്നേ?

നിങ്ങൾ ആർക്ക് വേണ്ടിയാ കാത്തിരിക്കുന്നെ?അപ്പോൾ ആ രണ്ട് കുട്ടികളിലെ ജേഷ്ഠൻ പറഞ്ഞു.

"ഈ കൊടും വെയിലിൽ നിന്നുള്ള ചൂടിൽ നിന്ന് രക്ഷനേടാനായി കുറച്ച് മരങ്ങളുടെ ചെറിയ തൈ

വാങ്ങാൻ അച്ഛൻ പോയേക്കുവാ."അത് മാത്രമല്ല,ചെടികൾക്ക് ആവിശ്യമായ എല്ലാം ഘടകങ്ങളും

(അതായത്,ജൈവകീടനാഷിനി,ജൈവ വളം മുതലായവയും വാങ്ങും)."അപ്പോൾ കുട്ടികളിലെ ഒരാൾ പറഞ്ഞു."ഓ,അത് ഒരു നല്ല കാര്യമാണ്. ഞങ്ങളും മരങ്ങൾ നടും.ഒരു മരം നട്ടാൽ പലതരം ഗുണങ്ങൾ കിട്ടും."

ബഹ്റുനിസ

# ജീവിത ദുരിതങ്ങൾ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു മുത്തശ്ശി ജീവിച്ചിരുന്നു.മുത്തശ്ശിക്ക് ആകെ ഉണ്ടായിരുന്നത് കനക എന്ന് പേരുള്ള ഒരു കൊച്ചു മകളായിരുന്നു. തന്റെ മകളെ അവർ വല്ലാതെ സ്നേഹിച്ചിരുന്നു. അവൾ വളർന്ന് വലുതായപ്പോൾ അവളുടെ ഭാവി ഒരു നല്ല ഒരുത്തന്റെ കയ്യിൽ ഏൽപ്പിക്കണം എന്നതായിരുന്നു മുത്തശ്ശിയുടെ സ്വപ്നം. അങ്ങനെ അവൾക്കൊരു കല്യാണ ആലോചന വന്നു. അവർ സന്തോഷത്തോടെ അവളുടെ കല്യാണം നടത്തി കൊടുത്തു. കല്യാണത്തിന്റെ ആദ്യ നാളുകളിൽ നല്ല രീതിയിലായിരുന്നു. പക്ഷെ കുറച്ച് നാൾ കഴിഞ്ഞപ്പോൾ അവളുടെ ഭർത്താവ് കള്ളും കുടിച്ച് കേറി വന്ന് അവളെയും മക്കളെയും ക്രൂരമായി അടിക്കാൻ തുടങ്ങി. ആദ്യമൊക്കെ അവൾ അത് വല്ല കാര്യമാക്കി എടുത്തിരുന്നില്ല. പിന്നെ പിന്നെ ആയപ്പോൾ ക്രൂരത വർധിച്ചു. അവൾക്ക് ജീവിതം മടുത്ത് തുടങ്ങിയപ്പോൾ അവൾ മരിക്കാൻ തീരുമാനം എടുത്തു. ഫാനിൽ കെട്ടിത്തൂങ്ങി മരിക്കാൻ വേണ്ടി അവൾ നിന്നപ്പോഴാണ് തന്നെ പൊന്ന് പോലെ സ്നേഹിച്ച

തന്റെ അമ്മൂമ വരുന്നത്. അത് കൊണ്ട് അവൾ ആത്മഹത്യ എന്ന വലിയ കുരുക്കിൽ നിന്ന് രക്ഷപ്പെട്ടു. അങ്ങനെ അവളെ മുത്തശ്ശി തന്റെ വീട്ടിലേക്ക് തിരിച്ച് കൊണ്ട് പോയി. ഡിവോഴ്സിൻ പെറ്റിഷൻ കൊടുത്തു. പക്ഷെ അവൻ അതിൻ സമ്മതമല്ലായിരുന്നു. അങ്ങനെ കോടതി കയറി നാല് അഞ്ച് വർഷങ്ങൾക്ക് ശേഷം



അവൾക്ക് ഡിവോഴ്സ് കിട്ടി. അങ്ങനെ അവൾ സമാതാനമായ ജീവിതം നയിച്ച് തുടങ്ങി.


ആഷിദ അബ്ദുൽ സലാം

10A

# വായന മരിക്കുന്നുവോ?????

ഇന്നും എന്നും വായന എല്ലാവർക്കും പ്രിയപ്പെട്ടതാണ്. പക്ഷെ സങ്കേതിക വിദ്യയുടെ ലോകത്തേക്ക് കടന്ന അവൾ വായനയുടെ ലോകത്തെ കുറിച്ച് തന്നെ മറന്നു പോയി. പണ്ടു പുസ്തകങ്ങളിലൂടെ വളർന്നു എന്നാൽ ഇന്ന് മൊബൈൽ ഫോണിന്റെ ലോകത്തെക്ക് കടന്ന് പോകുന്നു. അവർ വായന എന്താണെന്ന് തന്നെ മറന്നു പോയി. പുസ്തകങ്ങളിലൂടെ ഉണ്ടാകുന്ന ഭാവനയും ആ ലോകവും ഇന്ന് വേണ്ടതായി. സൂത്രനും,മായാവിയും,ലുട്ടാപ്പിയും ഇന്ന് വെറും കേട്ടു പരിചയമുള്ള ചില കഥാപാത്രങ്ങളായി.

കാരണം ആ ഒരു കുട്ടിക്കാലം അവരുടെ മൊബൈൽ ഫോൺ തട്ടിയെടുത്തു. എല്ലാ ദിവസവും കളിക്കുടുക്കയും



ബാലരമയ്ക്കും വോണ്ടി വാശി പിടിച്ചിരുന്ന കുട്ടികൾ ഇന്ന് മൊബൈൽ ഫോണിന് വേണ്ടി വാശി പിടിക്കുന്നു.

മുതിർന്നവർക്കും അതുപോലെ തന്നെ അവരുടെ തിരക്ക് പിടിച്ച ജീവിതത്തിലും ഒരു നിമിഷം പോലും പുസ്തകത്തിന്റെ താളുകൾ ഒന്നു തൊട്ട് നോക്കാൻ പോലും താൽപര്യപ്പെടുന്നില്ല. പകരം മൊബൈൽ ഫോണിന്റെ ലോകത്താണ്. വായന

ജീവിതത്തിന്റെ ശീലമാക്കാൻ ഇന്നത്തെ ലോകം മനസ്സിലാക്കണം.

വായന നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം. വായനയില്ലൂടെയാണ് നമുക്ക് അറിവ് ലഭിക്കുക. ഏത് ലോകം മാറിയാലും വായനശീലം മാറ്റരുത്. വായന നമ്മുടെ താൽപ്പര്യമല്ല നമ്മുടെ ആവശ്യമാണ്.

റിഫ ഷെറിൻ 10 A

# നന്ദി